# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27-01-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യയും യുറോപ്യൻ യൂണിയനും തമ്മിലുള്ള നിർദിഷ്ട സ്വതന്ത്ര വ്യാപാര കരാറുമായി ബന്ധപ്പെട്ട് ഔദ്യോഗികതല സംഭാഷണങ്ങൾ പൂർത്തിയായി. യൂറോപ്യൻ കമ്മീഷൻ, കൗൺസിൽ പ്രസിഡന്റുമാരുമായുള്ള പ്രധാനമന്ത്രിയുടെ ചർച്ച പുരോഗമിക്കുന്നു.

India and the European Union (EU) have concluded official-level negotiations for the proposed free trade agreement. Prime Minister Narendra Modi is holding talks with Presidents of European Council and European Commission

2. പാർലമെന്റിന്റെ ബജറ്റ് സമ്മേളനം നാളെ ആരംഭിക്കും, സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ വിളിച്ചു ചേർത്ത സർവകക്ഷി യോഗം പുരോഗമിക്കുന്നു, ബജറ്റ് ഫെബ്രുവരി ഒന്നിന്.

The budget session of Parliament will begin tomorrow, the all-party meeting convened by the central government ahead of the session is progressing, the budget will be presented on February 1.

3. ശബരിമല സ്വർണപ്പാളി കേസിൽ നിയമസഭയിൽ പ്രതിഷേധം. ദേവസ്വം മന്ത്രി രാജിവെക്കണമെന്ന് പ്രതിപക്ഷം

**Protest in the Assembly over the Sabarimala gold heist case. Opposition demands the resignation of the Devaswom Minister.**

4. ഐക്യരാഷ്ട്രസഭ സുരക്ഷാ സമിതിയിൽ അടിയന്തര പരിഷ്കരണം ആവശ്യപ്പെട്ട് ഇന്ത്യ, ആഗോള വെല്ലുവിളികൾ ലോക സംഘടനയുടെ വിശ്വാസ്യതയെ ബാധിക്കുന്നതായി ചൂണ്ടിക്കാട്ടി ഇന്ത്യയുടെ സ്ഥിരം പ്രതിനിധി.

**India called for urgent reform of the UN Security Council, global challenges are straining the credibility of the world body says India's permanent representative.**

5. സിംബാബ്‌വെയിൽ നടക്കുന്ന അണ്ടർ-19 ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ആതിഥേയരെ നേരിടും. സന്തോഷ് ട്രോഫിയിൽ കേരളം ഇന്ന് ഒഡീഷയെ നേരിടും.

**India will face the hosts in the Under-19 One-Day World Cup in Zimbabwe today. Kerala-Odisha clash today in the Santosh Trophy.**

&&&&&&&&&&&&&&&&&&

**PM-ENERGY WEEK (INTRO)**

*ആഗോളതലത്തിൽ ഊർജ്ജ ആവശ്യകത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഊർജ്ജ മേഖലയിലെ അവസരങ്ങളുടെ നാടായി ഇന്ത്യ മാറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഗോവയിൽ ആരംഭിച്ച ഇന്ത്യ എനർജി വീക്കിനെ ഓൺലൈനായി അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ ഇന്ത്യ-യുകെ വ്യാപാര കരാറിനെ മെച്ചപ്പെടുത്തുമെന്നും ഉൽപാദന, സേവന മേഖലകളെ ഉത്തേജിപ്പിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.*

*(ഹോൾഡ് -പിഎം വോയിസ്)*

&&&&&&&&&&&&&&&&&

**HEADLINE-1**

**INDIA-EU (INTRO)**

*പ്രധാനമന്ത്രി നരേന്ദ്ര മോദി യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് അന്റോണിയോ കോസ്റ്റയുമായും യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്നുമായി ന്യൂഡൽഹിയിൽ നടത്തുന്ന ചർച്ചകൾ പുരോഗമിക്കുന്നു. ഇന്ത്യയും യുറോപ്യൻ യൂണിയനും തമ്മിലുള്ള നിർദിഷ്ട സ്വതന്ത്ര വ്യാപാര കരാറുമായി ബന്ധപ്പെട്ട് ഔദ്യോഗികതല സംഭാഷണങ്ങൾ പൂർത്തിയായതിന് പിന്നാലെയാണ് ചർച്ചകൾ..*

*വിശദാംശങ്ങളിലേക്ക്....*

*ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള ഉഭയകക്ഷി ബന്ധം കരുത്താർജ്ജിക്കുന്ന സാഹചര്യത്തിലാണ് ചർച്ച. ഇന്ത്യ-ഇയു തന്ത്രപരമായ പങ്കാളിത്തത്തെ കൂടുതൽ ആഴത്തിലാക്കുക, പരസ്പര താൽപര്യമുള്ള മുൻഗണനാ മേഖലകളിൽ സഹകരണം മുന്നോട്ട് കൊണ്ടുപോവുക, എന്നീ ലക്ഷ്യങ്ങൾ മുന്നോട്ട് വെച്ചാണ് ഒദ്യോഗിക ചർച്ചകൾ നടന്നത്. ഇന്ത്യയുടെ മൊത്തം കയറ്റുമതിയുടെ 17 ശതമാനവും യൂറോപ്യൻ യൂണിയൻ വിപണിയിലേക്കാണ് നടക്കുന്നത്. യൂറോപ്യൻ യൂണിയന്റെ മൊത്തം വിദേശ കയറ്റുമതിയുടെ ഒൻപതു ശതമാനമാണ് ഇന്ത്യയിലേക്കുള്ളത്. ഇന്ത്യ- യൂറോപ്യൻ യൂണിയൻ സുരക്ഷാ, പ്രതിരോധ പങ്കാളിത്ത കരാറിൽ ഇന്ന് ഒപ്പുവെക്കുമെന്ന് യൂറോപ്യൻ കമ്മീഷൻ വൈസ് പ്രസിഡൻറ് കാജ കല്ലാസ് വ്യക്തമാക്കി. പ്രധാനമന്ത്രി ആതിഥേയത്വം വഹിക്കുന്ന യൂറോപ്യൻ യൂണിയൻ-ഇന്ത്യ ഉച്ചകോടിയിൽ സ്വതന്ത്ര വ്യാപാര കരാറുമായി ബന്ധപ്പെട്ട പ്രഖ്യാപനം ഉണ്ടാകുമെന്ന് വാണിജ്യ സെക്രട്ടറി രാജേഷ് അഗ്രവാൾ അറിയിച്ചു*

*ന്യൂസ് ഡെസ്ക് ആകാശവാണി.*

&&&&&&&&&&&&&&&&&&

**RAJNATH- EU**

ഇന്ത്യ-യൂറോപ്യൻ യൂണിയൻ ബന്ധം വളർന്നുവരുകയാണെന്ന് രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്. ഇന്ന് ന്യൂഡൽഹിയിൽ യൂറോപ്യൻ യൂണിയൻ പ്രതിനിധി സംഘവുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. ആഗോളതലത്തിൽ സങ്കീർണ്ണമായ സാഹചര്യം നിലനിൽക്കുന്ന കാലഘട്ടത്തിൽ ഇരുപക്ഷവും തമ്മിലുള്ള പങ്കാളിത്തം പ്രതിരോധ സഹകരണം സഹായകമാകുമെന്നും ശ്രീ രാജ്നാഥ് സിംഗ് വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**HEADLINE-2**

**PARLIAMENT - BUDGET**

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് നാളെ തുടക്കമാകും. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ നയപ്രഖ്യാപന പ്രസംഗത്തോടെ സമ്മേളനം ആരംഭിക്കും. ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേ മറ്റെന്നാൾ പാർലമെന്റിൽ സമർപ്പിക്കും. ഫെബ്രുവരി ഒന്നിനാണ് കേന്ദ്ര ബജറ്റ്. നാളെ മുതൽ ഫെബ്രുവരി 13 വരെയും, മാർച്ച് 9 മുതൽ ഏപ്രിൽ രണ്ട് വരെയും രണ്ട് ഘട്ടങ്ങളായാണ് പാർലമെന്റിന്റെ ബജറ്റ് സമ്മേളനം.

&&&&&&&&&&&&&&&&&&

**ALL PARTY MEETING**

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ വിളിച്ച സർവകക്ഷി യോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗിന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ കേന്ദ്രമന്ത്രിമാരായ ജെ പി നഡ്ഡ, കിരൺ റിജിജു, എൽ മുരുഗൻ, അർജുൻ റാം മേഘ് വാൾ തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്. കോൺഗ്രസ്സ് നേതാവ് ജയറാം രമേശ്, ഡി എം കെ യുടെ തിരുച്ചി ശിവ, തൃണമൂൽ കോൺഗ്രസ്സ് നേതാവ് സാഗരിക ഘോസെ, തുടങ്ങിയവരും സന്നിഹിതരാണ്.

&&&&&&&&&&&&&&&&&&

## HEADLINE-4

## INDIA-UN UNSC REFORMS

ഐക്യരാഷ്ട്രസഭ സുരക്ഷാ സമിതിയിൽ അടിയന്തര പരിഷ്കരണം ആവശ്യപ്പെട്ട് ഇന്ത്യയും ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസും. വർദ്ധിച്ചുവരുന്ന ആഗോള വെല്ലുവിളികൾ ലോക സംഘടനയുടെ വിശ്വാസ്യതയെ ബാധിക്കുന്നതായി മുന്നറിയിപ്പ് നൽകിയാണ് പരിഷ്കരണ നിർദ്ദേശം മുന്നോട്ട് വെച്ചിട്ടുള്ളത്. അന്താരാഷ്ട്ര നിയമവാഴ്ച ഫലപ്രദമായി നടപ്പിലാക്കുന്നത് ഉറപ്പാക്കാൻ സ്ഥിരാംഗങ്ങളെ ചേർത്തു കൊണ്ടുള്ള അർത്ഥവത്തായ പരിഷ്കാരങ്ങൾ ഉണ്ടാകണമെന്ന് ഐക്യരാഷ്ട്രസഭയിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി ഹരീഷ് പറഞ്ഞു. അന്താരാഷ്ട്ര നിയമവാഴ്ച പുനഃസ്ഥാപിക്കൽ എന്നതിനെക്കുറിച്ചുള്ള സുരക്ഷാ കൗൺസിലിന്റെ ഉന്നതതല ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## BHARAT PARV-OM BIRLA

ദേശീയ സാംസ്കാരിക - ടൂറിസം ഉത്സവമായ ഭാരത് പർവിന് ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ തുടക്കമായി. ലോക്സഭാ സ്പീക്കർ ഓം ബിർളയും കേന്ദ്ര മന്ത്രി ഗജേന്ദ്ര സിംഗ് ശെഖാവത്തും ചേർന്ന് പരിപാടി ഉദ്ഘാടനം ചെയ്തു. രാജ്യത്തെ സാംസ്കാരിക പൈതൃകം ശക്തിപ്പെടുത്തുന്നതിനുള്ള വേദിയാണ് ഭാരത് പർവ്വെന്ന് ശ്രീ ഓം ബിർള പറഞ്ഞു.

&&&&&&&&&&&&&&&&&&

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

**HEADLINE-3**

**ASSEMBLY**

പയ്യന്നൂർ ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട അടിയന്തര പ്രമേയ നോട്ടീസ് സ്പീക്കർ തള്ളിയതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ ബഹളം. പ്രതിപക്ഷം സഭയുടെ നടുത്തളത്തിൽ ഇറങ്ങി മുദ്രാവാക്യം വിളികളുമായാണ് പ്രതിഷേധിച്ചത്. പയ്യന്നൂരിൽ പ്രതിഷേധം നടത്തിയ കോൺഗ്രസ് പ്രവർത്തകരെ സി പി ഐ - എം പ്രവർത്തകർ മർദിച്ച സംഭവം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണം എന്നാവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന് സജീവ് ജോസഫ് ആണ് അടിയന്തര പ്രമേയം അവതരിപ്പിക്കാൻ നോട്ടീസ് നൽകിയത്. എന്നാൽ സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യാൻ പര്യാപ്തമായ അടിയന്തര പ്രാധാന്യമില്ലാത്തതിനാൽ നോട്ടീസ് പരിഗണിക്കാൻ നിർവാഹമില്ലെന്ന് സ്പീക്കർ അറിയിച്ചു.ശബരിമല സ്വർണ്ണ അപഹരണക്കേസ് വിഷയം സഭാനടപടികൾ ആരംഭിച്ചപ്പോൾ തന്നെ പ്രതിപക്ഷം ഉന്നയിച്ചു. ചോദ്യോത്തരവേള ബഹിഷ്കരിച്ച ശേഷം പ്രതിഷേധത്തിന്റെ ഭാഗമായി പ്രതിപക്ഷത്തെ നജീബ് കാന്തപുരവും, CR മഹേഷും സഭാ കവാടത്തിൽ സത്യഗ്രഹം ആരംഭിച്ചു. സഭാനടപടികൾ തടസ്സപെടുത്തില്ലെന്നും എന്നാൽ പ്രതിഷേധം തുടരുമെന്നും പ്രതിപക്ഷ നേതാവ് V D സതീശൻ അറിയിച്ചു. പ്രതിപക്ഷത്തിന്റേത് സർക്കാരിനെതിരെയുള്ളതല്ല ഹൈക്കോടതിക്കെതിരെയുള്ള സമരമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഗവർണറുടെ നയപ്രഖ്യാപനത്തിൻമേലുള്ള നന്ദിപ്രമേയചർച്ച ഇന്ന് നടക്കും. ഈ മാസം 29 നാണ് സംസ്ഥാന ബജറ്റ്.

&&&&&&&&&&&&&&&&&

**CM ASSEMBLY**

അവയവമാറ്റം ഉൾപ്പെടെ ചെലവ് ഏറിയ ചികിത്സകൾക്കായി പ്രത്യേക ഇൻഷ്വുറൻസ് പരിരക്ഷയുൾപ്പെടെയുള്ള കാര്യങ്ങൾ, നടപ്പാക്കുന്നതിന്റെ പ്രായോഗികത പരിശോധിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. എ.കെ.അഷ്റഫിന്റെ ചോദ്യത്തിന് നിയമസഭയിൽ മറുപടി പറയുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&

**ASSEMBLY - M.B.RAJESH (INTRO)**

***സംസ്ഥാനത്ത് നഗര-നയം ആവിഷ്ക്കരിക്കുമെന്ന് മന്ത്രി എം.ബി.രാജേഷ്. നിയമസഭയിൽ ചോദ്യോത്തരവേളയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്താദ്യമായാണ് ഒരു സംസ്ഥാനം നഗരനയം ആവിഷ്ക്കരിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.***

*(വോയിസ് - എം.ബി.രാജേഷ്)*

&&&&&&&&&&&&&&&&&&

**HEADLINE-5**

**U19 WORLD CUP- 2026**

സിംബാബ്‌വെയിൽ നടക്കുന്ന അണ്ടർ-19 ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ആതിഥേയരെ നേരിടും. സൂപ്പർ സിക്സ് സ്റ്റേജിലെ ആറാം മത്സരം ഇന്ത്യൻ സമയം ഉച്ചയ്ക്ക് ഒരു മണിക്ക് ആരംഭിക്കും.

&&&&&&&&&&&&&&&&&&

**HEADLINE-5A**

**SANTOSH TROPHY**

സന്തോഷ് ട്രോഫി ഫുട്ബോളിൽ കേരളം ഇന്ന് ഒഡിഷയെ നേരിടും. ഉച്ചയ്ക്ക് 2 മണിക്ക് അസമിലാണ് മത്സരം. ഒരു ജയവും സമനിലയും ഉൾപ്പെടെ നാല് പോയിന്റുമായി ഗ്രൂപ്പ് ബിയിൽ കേരളം ഒന്നാമതാണ്. ഇന്നത്തെ മത്സരം ജയിച്ചാൽ കേരളത്തിന് ക്വാർട്ടർ റൗണ്ട് ഉറപ്പാകും.

&&&&&&&&&&&&&&&&&&

**IRAN PROTEST**

ഇറാനിൽ ദേശവ്യാപകപ്രതിഷേധങ്ങളിൽ ആറായിരത്തോളം പേർ കൊല്ലപ്പെട്ടു . പ്രതിഷേധങ്ങൾ അടിച്ചമർത്തുന്നതുമായി ബന്ധപ്പെട്ടാണ് സംഭവം . യു എസ് ആസ്ഥാനമായ മനുഷ്യാവകാശ ഏജൻസിയാണ് മരണസംഖ്യ വെളിപ്പെടുത്തിയത് . അതേസമയം ഇറാൻ ഗവണ്മെന്റ് കണക്കനുസരിച്ച് 3,117 പേരാണ് മരിച്ചത് . ഇതിൽ 2,427 സിവിലിയന്മാരും

സുരക്ഷാസേനാ അംഗങ്ങളും മറ്റുള്ളവർ ഭീകരപ്രവർത്തകരുമാണെന്നാണ് റിപ്പോർട്ട് .

&&&&&&&&&&&&&&&&&&

**KOLKATA-FIRE**

പശ്ചിമ ബംഗാളിലെ നസീറാബാദിൽ വെയർഹൗസിലുണ്ടായ തീപിടുത്തത്തിൽ മരിച്ചവരുടെ എണ്ണം എട്ടായി . നിരവധി പേരെ ഇപ്പോഴും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അഗ്നിരക്ഷാ സേന തീയണക്കാനുള്ള ശ്രമം തുടരുകയാണ്.

&&&&&&&&&&&&&&&&&&

**PIB FACT CHECK**

23,000 രൂപ നിക്ഷേപത്തിന് ദിവസവും 70,000 രൂപ വരെയും പ്രതിമാസം 21 ലക്ഷം രൂപ വരെയും ലാഭം ഉറപ്പ് നൽകുന്നതായുള്ള രാഷ്ട്രപതി ദ്രൗപദി മുർമുവിൻറേത് എന്ന തരത്തിൽ പ്രചരിക്കുന്ന ഓൺലൈൻ വീഡിയോ വ്യാജമാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക് വിഭാഗം വ്യക്തമാക്കി. ഇത് എ ഐ നിർമ്മിതമാണെന്നും രാഷ്ട്രപതി ഇത്തരം യാതൊരു നിക്ഷേപ പദ്ധതിയും ഏർപ്പെടുത്തിയിട്ടില്ലെന്നും ഫാക്ട് ചെക് വിഭാഗം അറിയിച്ചു.

&&&&&&&&&&&&&&&&&&

**SIR**

കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. പട്ടികയിൻമേലുള്ള പരാതികൾ ഈ മാസം 30 വരെ സമർപ്പിക്കാം. കരട് എസ്ഐആർ പട്ടികയിൽനിന്നു പേരുകൾ ഒഴിവാക്കപ്പെട്ടവരും, പുതിയ അപേക്ഷകരും ഫോം 6 ഉപയോഗിച്ച് അപേക്ഷ സമർപ്പിക്കണം.

&&&&&&&&&&&&&&&&&&

**IMD WEATHER**

ജമ്മു കശ്മീർ, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, രാജസ്ഥാൻ എന്നിവിടങ്ങളിൽ ഇന്ന് കനത്ത മഴയ്ക്കും , മഞ്ഞുവീഴ്ചയ്ക്കും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഡൽഹി, പഞ്ചാബ്, ഹരിയാന, ചണ്ഡീഗഡ് എന്നിവിടങ്ങളിൽ അടുത്ത രണ്ട് ദിവസത്തേക്ക് ശീത തരംഗ മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&

## RAJNATH- DRDO

ആധുനിക സാങ്കേതിക വിദ്യാരീതികൾ വികസിപ്പിച്ചുകൊണ്ട് രാജ്യത്തിന്റെ സുരക്ഷാഘടനയെ ശക്തിപ്പെടുത്തുന്നതിൽ ഡി ആർ ഡി ഒ സുപ്രധാന പങ്കുവഹിക്കുന്നതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്. ന്യൂഡൽഹിയിൽ ഡി ആർ ഡി ഒ ശാസ്ത്രജ്ഞരെ ആദരിക്കുന്ന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ പ്രതിരോധക്ഷമതയുടെ നട്ടെല്ലായി മാറിയിരിക്കുകയാണ് ഡി ആർ ഡി ഒ എന്നും സാങ്കേതികവിദ്യ വികസിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്ത് രാജ്യത്തിന്റെ പ്രതിരോധ ആവാസവ്യവസ്ഥ ശക്തിപ്പെടുത്തുന്നതിന് പൊതുമേഖലാസ്ഥാപനങ്ങൾ , വ്യവസായം , അക്കാദമിക രംഗം എന്നിവയ്ക്കിടയിൽ യോജിച്ചുള്ള പ്രവർത്തനം ആവശ്യമാണെന്നും ശ്രീ രാജ്നാഥ് സിങ് വ്യക്തമാക്കി .

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&